LIBRARY ARCHIVES Kerala Legislative Assembly

വാസസ്ഥലങ്ങൾ എന്നിവയിലും പോരായ്മയുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ കുറവും ആവശ്യത്തിന് ശൗചാലയങ്ങൾ ഇല്ലാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന ഇത്തരക്കാർവഴി പകർച്ചവ്യാധികളായ മലമ്പനി, മന്ത്, ത്വക്ക് രോഗങ്ങൾ, ക്ഷയം, HIV തുടങ്ങിയവ ഇവരിടെ വ്യാപിക്കുന്നുണ്ട്.

(ബി) നടത്തിയിട്ടുണ്ട്. 2014-ലാണ് SEHAT കേരള പദ്ധതി ആരംഭിച്ചത്. 2014-ലും 2015-ലും SEHAT കേരള പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധന നടത്തി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പോരായ്മകൾ മനസ്സിലാക്കി നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ 'ജാഗ്രത' എന്ന പേരിൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെത്തി രോഗപരിശോധന, ചികിത്സ, ബോധവത്കരണം എന്നിവയും നടത്തി. ഇതുകൂടാതെ ഓരോ ജില്ലയിലെയും ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ദൈവാശ്രയ/പ്രതിമാസ പരിപാടിയായി മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നു. SEHAT കേരള പരിപാടിയുടെ ഭാഗമായി 23385 ക്യാമ്പുകളിൽ പരിശോധന നടത്തി. 3566 ക്യാമ്പുകൾക്ക് നോട്ടീസ് നൽകി. 36 എണ്ണം അടച്ചുപൂട്ടി. 'ജാഗ്രത' പരിപാടി പ്രകാരം 6207 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. 146007 പേരെ പരിശോധിച്ച് വേണ്ട സൗജന്യ ചികിത്സ നടത്തി.

(സി) ഫീൽഡ് ജീവനക്കാർ, ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ദൈവാശ്രയ/പ്രതിമാസ സന്ദർശനം ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നടത്തുകയും മലമ്പനി, മന്ത് തുടങ്ങിയ പകർച്ചവ്യാധികളുണ്ടോയെന്ന് പരിശോധിച്ച് സൗജന്യ ചികിത്സ നൽകുകയും ചെയ്യുന്നു. 'ജാഗ്രത' എന്ന പേരിൽ നടത്തുന്ന ഇത്തരം ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയവ നടത്തി. പോലീസ് വകുപ്പ്, തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഇത്തരം പരിപാടികൾക്കുവേണ്ട വിലയിരുത്തലും മേൽനോട്ടവും നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി അവരുടേതായ ഭാഷയിൽ അനൗദ്യോഗികമായ സമയത്ത് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള പദ്ധതികൾ

16(713) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാത്തത് എന്തുകൊണ്ടാണ്;

(ബി) അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിയുന്ന തൊഴിലാളികൾക്ക് ആവശ്യമായ വൈദ്യചികിത്സ എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് പല പദ്ധതികളും ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലകളിലെ വിവിധ സ്ഥലങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തം പരിശോധിച്ച് മലമ്പനി, മന്ത്രോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ സൗജന്യ ചികിത്സയും നൽകിവരുന്നു. 2015 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 'ജാഗ്രത' കാമ്പയിൻവഴി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നടത്തുകയുണ്ടായി. ഇതുകൂടാതെ സേഫ് കേരള പരിപാടിയുടെ ഭാഗമായും പ്രത്യേക ദിവസങ്ങളിൽ ഇത്തരക്കാരുടെ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വം, കുടിവെള്ള ലഭ്യത, രോഗസാദ്ധ്യതകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് സ്റ്റാഫുകൾ പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടികളും എടുത്തുവരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഹീൽഡുതല ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തുമ്പോഴും ഇത്തരം തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്താൻ വേണ്ടത് ചെയ്യുന്നുണ്ട്. ഓരോ ജില്ലയിലും ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ മൈഗ്രന്റ് സെൽ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി യോജിച്ചാണ് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്ന മലമ്പനിയുടെ 40 ശതമാനത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾക്കാണ്. മലമ്പനി രോഗത്തിനുള്ള സമ്പൂർണ്ണ ചികിത്സ ഇവർക്ക് സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളിൽ കണ്ടുവരുന്ന മന്ത്രോഗ ബാധയ്ക്കുള്ള പന്ത്രണ്ട് ദിവസത്തെ ചികിത്സയും സൗജന്യമായി നൽകിവരുന്നു. ക്ഷയരോഗബാധയും കുഷ്ഠരോഗ ബാധയ്ക്കുള്ള ചികിത്സയും എല്ലാ ആശുപത്രികളിൽനിന്നും സൗജന്യമായിത്തന്നെ നൽകുന്നുണ്ട്.

മായം കലർന്ന ഭക്ഷണ പാനീയങ്ങളുടെ നിരോധനം

17(714)ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം എന്നിവയിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും, കിടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുകയുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly